**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **23-08-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിലെ കുറ്റപത്രം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി തട്ടിക്കൊണ്ടുപോയി ഭീക്ഷണിപ്പെടുത്തി പണം നൽകിയതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. പ്രസ്തുത സംഭവത്തിന് ബദിയടുക്ക പോലീസ് സ്റ്റേഷൻ ക്രൈം നം. 193/2021 U/s 171(B), 171(E) IPC ആയി കേസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ മദ്ധ്യേ മേൽ പറഞ്ഞ വകുപ്പുകൾക്ക് പുറമെ Sec.506(i), 342 r/w 34 IPC and Sec. 3(i) (I) (b) of SC/ST POA Act എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നിട്ടുള്ളതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പുകൾ കൂടി കൂട്ടിചേർത്ത് അന്വേഷണം തുടരുന്നതിലേയ്ക്ക് ബഹു.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി കേസിന്റെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | അതിലെ പ്രതികൾ ആരൊക്കെയാണ്; അവരിൽ ആരെങ്കിലും നിലവിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ഭാരവാഹിത്വം നിർവ്വഹിക്കുന്നവരാണോ; വിശദമാക്കാമോ? | (ബി) | A1. ശ്രീ. കെ. സുരേന്ദ്രൻ, (ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ്), A2. ശ്രീ. മണികണ്ഠറായി (ബി.ജെ.പി. മഞ്ചേശ്വരം നിയോജക മണ്ഡലം പ്രസിഡന്റ്), A3. സുരേഷ് വൈ. (ബി.ജെ.പി. മഞ്ചേശ്വരം നിയോജക മണ്ഡലം സെക്രട്ടറി), A4. സുനിൽ കുമാർ (കേസിനാസ്പദമായ സംഭവത്തിന് മുമ്പ് ഭാരതീയ യുവമോർച്ച സംസ്ഥാന ട്രഷറർ ആയിരുന്നു), A5. അഡ്വ.ബാലകൃഷ്ണ ഷെട്ടി (ബി.ജെ.പി. സംസ്ഥാന കമ്മിറ്റി മെമ്പർ), A6. ലോകേഷ് നോണ്ട, (ബി.ജെ.പി പൈവളിക പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി) എന്നിവരാണ് പ്രസ്തുത കേസിലെ പ്രതികൾ. |

സെക്ഷൻ ഓഫീസർ